LIBRARY ARCHIVES Kerala Legislative Assembly

ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ നിയമനം ലഭിച്ചവരുടെ ജില്ലാതല സ്ഥലംമാറ്റ വ്യവസ്ഥകൾ

23(5603) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ ജില്ലാതല ലിസ്റ്റിൽ നിന്നും ലാസ്റ്റ് ഗ്രേഡ് സർവന്റായി ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

(ബി) ജീവനക്കാരുടെ സീനിയോറിറ്റി ഏത് തീയതി മുതലാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പി.എസ്.സി.-യുടെ ജില്ലാതല ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്നതിനായി നിലവിൽ ജോലി ചെയ്യുന്ന വകുപ്പിലെ നിയമനാധികാരിയുടെ ശിപാർശ സഹിതം ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വകുപ്പിലെ നിയമനാധികാരിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) നിലവിലെ വ്യവസ്ഥ പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം ലഭിച്ചവർക്ക് അന്തർ ജില്ല/അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ പി.എസ്.സി.-യുടെ അഡ്വൈസ് തീയതി മുതൽക്കുള്ള സീനിയോറിറ്റി ലഭിക്കുന്നതാണ്. എന്നാൽ മറ്റ് അന്തർ ജില്ല/അന്തർ വകുപ്പ് സ്ഥലം മാറ്റങ്ങൾക്ക് Kerala Last Grade Service വിശേഷാൽ ചട്ടങ്ങളുടെ ചട്ടം 17(d) പ്രകാരമാണ് സീനിയോറിറ്റി നിശ്ചയിക്കുന്നത്.

അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനം

24(5605) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

വിവിധ ഗ്രേഡുകളിലേക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമ്പോൾ നടത്തുന്ന സ്ക്രീനിംഗിന്റെ ഭാഗമായി അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.